# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 939** | **29.09.2011 ൽ മറുപടിയ്ക്ക്**

<u>നേമം യു.പി. എസ്സിലെ കെട്ടിടം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) തിരുവനന്തപുരം റവന്യൂ ജില്ലയിലെ നേമം യു.പി. എസ്സിലെ ഒരു കെട്ടിടം തകരാറിലായതു കാരണം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ തകരാർ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം റവന്യൂ ജില്ലയിലെ നേമം യു.പി. സ്ക്കൂളിലെ ഒരു കെട്ടിടം അപകടാവസ്ഥയിലാണെന്ന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ക്ലാസ്സുകൾ തുടർന്നു നടത്തുന്നതിന് പകരം സംവിധാനമേർപ്പെടുത്തുവാൻ ബാലരാമപുരം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ക്കൂൾ സുരക്ഷിതാവസ്ഥയിലാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പണി ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വിഭാഗം ചീഫ് എഞ്ചിനീയർ കല്ലിയൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് ചീഫ് എഞ്ചിനീയർക്കും സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sd/-
സെക്ഷൻ ഓഫീസർ